# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 56 — 06.02.2013 ൽ മറുപടിക്ക്

## ആധാർ കാർഡുകളിലെ കൃത്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി ജോർജ്<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. എ .പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വി.റ്റി. ബൽറാം | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നൽകി വരുന്ന ആധാർ കാർഡുകളിലെ കൃത്യത ഉറപ്പു വരുത്തുവാൻ ഐ.ടി മിഷൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നു വിശദമാക്കുമോ ; | (എ) ആധാർ രജിസ്ട്രേഷനിൽ ഡെമോഗ്രാഫിക് വിവരങ്ങൾ തെറ്റുകൂടാതെ ശേഖരിക്കുവാൻ എല്ലാ എൻറോൾമെന്റ് ഏജൻസികൾക്കും അക്ഷയ ഡയറക്ടർ സർക്കുലറിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. നൽകിയിട്ടുള്ള വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് പരിശോധിച്ച് ഉറപ്പു വരുത്തുവാൻ വേണ്ട നടപടികൾ ഐ.റ്റി മിഷൻ സ്വീകരിച്ചിട്ടുണ്ട്. നേരിട്ട് വായിച്ചു മനസിലാക്കുവാൻ ബുദ്ധിമുട്ടുള്ളവർക്ക്, കംപ്യൂട്ടർ ഓപറേറ്റർ പ്രസ്തുത വിവരങ്ങൾ വായിച്ച് കൊടുത്തശേഷം അവ ശരിയാണെന്ന് ബോധ്യപ്പെടുത്തുവാൻ അവസരവും നൽകുന്നുണ്ട്. |
| (ബി) ആധാർ കാർഡുകളിൽ കടന്നു കൂടിയിട്ടുള്ള തെറ്റുകൾ തിരുത്തുവാൻ അദാലത്തുകൾ നടത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;<br>(സി) ഇതിനായി യു.ഐ.ഡി അധികൃതരുടെ അനുവാദം തേടിയിട്ടുണ്ടോ ; വിശദമാക്കുമോ ? | (ബി) & (സി) ആധാർ കാർഡുകളിലുള്ള ഡെമോഗ്രാഫിക് ഡാറ്റാ ആവശ്യമെങ്കിൽ തിരുത്തൽ വരുത്തുന്നതിനായി യു.ഐ.ഡി.എ.ഐ ഓൺലൈൻ സംവിധാനമൊരുക്കിയിട്ടുണ്ട്. http://uidai.gov.in എന്ന വെബ്സൈറ്റിലുള്ള Update your Aadhaar data എന്ന ലിങ്കിലൂടെ ആധാർ കാർഡുള്ള ഏതൊരു പൗരനും സ്വന്തം ഡെമോഗ്രാഫിക് ഡാറ്റാ ഇന്റർനെറ്റ് വഴി സ്വയമോ അക്ഷയ സെന്ററുകളിലൂടെയോ തിരുത്താവുന്നതാണ്. ഇതിനു പുറമെ തെറ്റുകൾ തിരുത്തുവാനായി ബ്ലോക്ക് തലത്തിലും ആധാർ എൻറോൾമെന്റ് പൂർത്തിയായ ശേഷം പഞ്ചായത്ത് തലത്തിലും സെന്ററുകൾ സജ്ജീകരിക്കുവാൻ ഐ.റ്റി മിഷൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ